LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച ഫയലിൽ (4632/എം.1/ 2014/ആ.കു.വ.) ധനകാര്യവകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും ആയത് പൂർണ്ണമായിരുന്നില്ല. പൂർണ്ണമായ റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ഇല്ല. ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി പൂർണ്ണമല്ലാത്തതിനാൽ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മെഡിക്കൽ കോളേജുകളിലെ അവയവമാറ്റ ശസ്ത്രക്രിയ

68 (2343) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് നിലിവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ബൈപ്പാസ്, കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നീ സൗകര്യങ്ങൾ ഇല്ലാത്ത മെഡിക്കൽ കോളേജുകളിൽ ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ;

(സി) സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ അവയവമാറ്റ ശസ്ത്രക്രിയകൾ ചെയ്യുന്നതിന് ആവശ്യമായ ആധുനിക അടിസ്ഥാന സൗകര്യങ്ങളും യന്ത്രസാമഗ്രികളും ഏർപ്പെടുത്തുന്നതിനും ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുമുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ നിലവിൽ നാല് സർക്കാർ മെഡിക്കൽ കോളേജുകളിലാണ്

ഇപ്പോൾ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നത്. ഈ മെഡിക്കൽ കോളേജുകളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഓപ്പറേഷൻ തീയറ്ററുകൾ, ട്രാൻസ്പ്ലാന്റ് ICU, ഡയാലിസിസ് യൂണിറ്റ് എന്നീ സൗകര്യങ്ങൾ ഉണ്ട്. കേരള സർക്കാരിന്റെ ആദ്യ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ നടന്നു. കരൾമാറ്റ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടങ്ങുന്നതിനുള്ള എല്ലാ സൗകര്യങ്ങളും സജ്ജമായിക്കഴിഞ്ഞു.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ആയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നുവരുന്നു. കാർഡിയോതൊറാസിക് സർജൻ ഉള്ള മെഡിക്കൽ കോളേജുകളിൽ ബൈപ്പാസ് സർജറിയും നടത്തുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നുണ്ട്.

(സി) നടപ്പിലാക്കിയിട്ടുണ്ട്.

തെക്കേക്കര കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

69 (2344) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ

(ബി) പ്രസ്തുത സി.എച്ച്.സി.-യുടെ പ്രവർത്തനം പൂർണ്ണമായും സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത സി.എച്ച്.സി.-യിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) തെക്കേക്കര കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2004 ഡിസംബർ 24-ന് തുടങ്ങിയ കിടത്തി ചികിത്സ ഇപ്പോഴും തുടരുന്നു. പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാത്തതിനാൽ പഴയ കെട്ടിടത്തിലാണ് ഇപ്പോഴും കിടത്തിചികിത്സ നടത്തുന്നത്. ഇവിടത്തെ ശരാശരി ഒ.പി. 300-ഉം ഐ.പി.15-ഉം ആണ്.

LIBRARY ARCHIVES Kerala Legislative Assembly